LIBRARY ARCHIVES Kerala Legislative Assembly

അപ്രോപ്രിയേഷൻ ബില്ല് ഒപ്പിടണം. അതുകഴിഞ്ഞാൽ തുക റിലീസ് ചെയ്യാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ ഇൻഷ്വറൻസ് സംബന്ധിച്ച് പറഞ്ഞു. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമുക്ക് രണ്ട് തരത്തിലുള്ള ഇൻഷ്വറൻസ് നിലവിലുണ്ട്. ഒന്ന്, സംസ്ഥാന വിള ഇൻഷ്വറൻസ് സ്കീം. അതിൽ 25 ഇനം കൃഷികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതൊക്കെ natural calamities വരുമ്പോൾ കൊടുക്കുന്ന സഹായമാണ്. Income തകർച്ച വരുമ്പോൾ, വിലത്തകർച്ച വരുമ്പോൾ ഇൻഷ്വറൻസ് കവറേജ് അതിൽ ഇല്ലെന്നാണ് എന്റെ അറിവ്. കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം ഇതുപോലുള്ള കൃഷി ഇൻഷ്വറൻസ് പദ്ധതിയുണ്ട്. നെല്ല്, മരച്ചീനി, വാഴ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ ഇതുമാത്രമാണ്. അതിലും എല്ലാ കൃഷികളുമില്ല. ഇൻകം തകർച്ച വരുമ്പോൾ അതിന് കവറേജില്ല. അത് ഏറ്റവും ആവശ്യമായിട്ടുള്ളതാണ്. നാച്വറൽ കലാമിറ്റീസ് ഡാമേജ് മാത്രംപോര. വിലത്തകർച്ചയുണ്ടാകുന്നതിൽ നിന്നുള്ള പരിരക്ഷയാണ് ഏറ്റവും ആവശ്യം. ആ നിലയിലേയ്ക്ക് ഇൻഷ്വറൻസ് സ്കീം വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. അതിന്റെ നെറ്റ് വർദ്ധിപ്പിക്കണം. അത് ആധുനിക യുഗത്തിനനുസരിച്ച് പരിഷ്ക്കരിക്കണം. നാഷണലൈസ്ഡ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ എത്രയോ പണമാണുള്ളത്. അതുകൊണ്ട് നമുക്ക് ഇത് tap ചെയ്യാൻ കഴിയണം. ബഹുമാനപ്പെട്ട കെ. സി. ജോസഫ് വളരെ പ്രാധാന്യം നൽകി പറഞ്ഞത് ഗവൺമെന്റ് പരിഗണിക്കും. പാക്കേജിന് രൂപംകൊടുക്കുമ്പോൾ ഈ വിഷയംകൂടി പരിഗണിക്കുന്നതാണ്.

(4) ശ്രീകൃഷ്ണപുരം ഈശ്വരമംഗലം മഹാഗണപതിക്ഷേത്രത്തിലെ പാത്രങ്ങളും മറ്റും നഷ്ടപ്പെട്ടത് സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ദേവാലയ മോഷണങ്ങളും വിഗ്രഹ കവർച്ചകളും പെരുകിക്കൊണ്ടിരിക്കുകയാണ്. പ്രസിദ്ധമായ ശ്രീകൃഷ്ണപുരം ഈശ്വരമംഗലം മഹാഗണപതിക്ഷേത്രത്തിലെ പാത്രങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണ്. ഏകദേശം 90,000 രൂപ വിലവരുന്ന പാത്രങ്ങൾ വിവാഹ ആവശ്യത്തിനാണെന്നുപറഞ്ഞ് വാടകയ്ക്കെടുത്തത് വിറ്റു കബളിപ്പിക്കപ്പെട്ടിരിക്കുകയാണ്. 11-5-2004-ൽ വാടകയ്ക്കെടുത്ത പാത്രങ്ങൾ രണ്ട് ദിവസമായിട്ടും തിരിച്ചുകിട്ടാതെ വന്നപ്പോൾ പോലീസിൽ പരാതിപ്പെട്ടു. പത്രത്തിൽ വാർത്തവന്നപ്പോൾ പാലപ്പുറത്തുള്ള കല്യാണമണ്ഡപത്തിന്റെ ഉടമ 10,000 രൂപയുടെ പാത്രങ്ങൾ തിരിച്ചേൽപ്പിക്കുകയുണ്ടായി. പോലീസിന് പരാതികൊടുത്തെങ്കിലും രണ്ട് മാസമായിട്ടും അതിന്മേൽ നടപടിയുണ്ടായില്ല. ക്ഷേത്രം വക പാത്രങ്ങൾ വാടകയ്ക്കെടുത്തിട്ട് വിശ്വാസവഞ്ചനകാണിച്ച് ചതി നടത്തിയവർക്കെതിരെ ഒരു കേസ്സുപോലും എടുത്തില്ലെന്നാണ് അവിടത്തെ ഭക്തജനങ്ങളും മറ്റുള്ളവരും പറയുന്നത്. ഇത് ഭക്തജനങ്ങൾക്ക് ഉത്കണ്ഠ ഉണ്ടാക്കുകയാണ്. ദേവസ്വം ബോർഡിന്റെ വിലപിടിപ്പുള്ള പാത്രങ്ങൾ കണ്ടെത്തി ക്ഷേത്രത്തിലേയ്ക്ക് തിരിച്ചേൽപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നത്തെക്കുറിച്ച് എനിക്ക് കിട്ടിയ റിപ്പോർട്ടാണ് ഞാൻ വായിക്കുന്നത്. പാലക്കാട് ശ്രീകൃഷ്ണപുരം ഈശ്വരമംഗലം മഹാഗണപതിക്ഷേത്രം വക 80,000 രൂപ വില മതിപ്പുള്ള പാത്രങ്ങൾ മുഖപരിചയമുള്ള ഒരാൾ വിവാഹാവശ്യത്തിനെന്നു പറഞ്ഞ് 2004 മേയ് 11-ന് വാടകയ്ക്കെടുത്തുകൊണ്ടുപോയി. വാടകയ്ക്കെടുത്തു കൊണ്ടുപോയ സാധനങ്ങൾ ഒരു മാസം കഴിഞ്ഞിട്ടും തിരിച്ച് കൊണ്ടു വരാത്തതിനാൽ ജൂൺ 10-ാം തീയതി ക്ഷേത്രം മാനേജർ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിൽ എത്തി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 420-ാം വകുപ്പുപ്രകാരം ക്രൈം 66/2004-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. ശ്രീകൃഷ്ണപുരം പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയെങ്കിലും വ്യക്തമായ സൂചനയൊന്നും ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ അന്വേഷണച്ചുമതല ചെർപ്പുളശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഏറ്റെടുക്കുകയും സമഗ്രമായ അന്വേഷണം നടത്തിവരുന്നതുമാണ്. പാലക്കാട് ശ്രീകൃഷ്ണപുരം ഈശ്വരമംഗലം മഹാഗണപതി ക്ഷേത്രത്തിൽ വിവാഹാവശ്യത്തിനായി എടുത്തുകൊണ്ടുപോയ പാത്രങ്ങളിൽ ചിലത് ഒറ്റപ്പാലത്തുള്ള ഒരു സ്വകാര്യ കല്യാണമണ്ഡപക്കാർ വിലയ്ക്ക് വാങ്ങിയത് തിരികെ അമ്പലകമ്മിറ്റിക്ക് നൽകിയിട്ടുള്ളതാണ്. 80,000 രൂപ വില മതിക്കുന്ന പാത്രങ്ങൾ നഷ്ടപ്പെട്ടതായിട്ടാണ് അമ്പലം മാനേജർ പരാതി നല്കിയിട്ടുള്ളത്. ഈ പരാതി കൂടുതൽ ഊർജ്ജിതമായി അന്വേഷിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(5) പാതിരിച്ചാൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി താലൂക്ക് ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം

ശ്രീമതി രാധാരാഘവൻ: സർ, മാനന്തവാടി താലൂക്കിലെ പാതിരിച്ചാൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി അഞ്ചു വർഷമായി ദ്വാരകയിൽ പ്രവർത്തിച്ചുവരുന്നു. താലൂക്കിലെ ഏക ആയുർവ്വേദ ആശുപത്രിയാണിത്. 20 കിടക്കാ സൗകര്യം മാത്രമാണ് നിലവിലുള്ളത്. ആയത് 50 കിടക്കാ സൗകര്യമുള്ളതാക്കി ഉയർത്തുന്നതിനും ആനുപാതികമായുള്ള എല്ലാ വിഭാഗം ജീവനക്കാരേയും നിയമിക്കുന്നതിനും നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, പാതിരിച്ചാൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി 20 കിടക്കളോടുകൂടിയതും മൂന്നു ഡോക്ടർമാരുടെ തസ്തികകൾ ഉള്ളതുമായ ആശുപത്രിയാണ്. ആയുർവ്വേദ വകുപ്പിൽ താലൂക്കാശുപത്രിയുടെ നിലവാരം നിശ്ചയിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ജില്ലാ ആയുർവ്വേദാശുപത്രികളുടെ നിലവാരം ഘട്ടംഘട്ടമായി ഉയർത്തിയശേഷം മറ്റു ആയുർവ്വേദാശുപത്രികളുടെ വികസനത്തിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുള്ളത്. പത്താം പഞ്ചവൽസര പദ്ധതിയിൽ ഈ ആവശ്യത്തിനായി തുക വകയിരുത്തിയിട്ടില്ല. മാത്രമല്ല, ആശുപത്രികളുടേയും മറ്റും നിലവാരം

LIBRARY ARCHIVES Kerala Legislative Assembly